
നന്മകൾ പൂക്കുന്നിടം
ലിറ്റിൽകൈറ്റ്സ് മാഗസിൻ
എസ്.ജി.എച്ച്.എസ്.എസ് കട്ടപ്പന

# കട്ടപ്പന നഗരസഭാ കാര്യാലയം

ISO 9001 : 2015 സർട്ടിഫൈഡ് സ്ഥാപനം

കട്ടപ്പന പി.ഒ. , ഇടുക്കി ജില്ല, കേരളം പിൻ 685 508

ഫോൺ : 04868 272235, email: munsecktpna@gmail.com

**അഡ്വ. മനോജ് എം. തോമസ്**
ചെയർമാൻ

**മുക്കാട്ടുകുന്നേൽ, കട്ടപ്പന സൗത്ത് പി.ഒ.**
Ph: 04868 272235 (O) 9447314141 (M)


## ആശംസ.

കട്ടപ്പന സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന "നൻമകൾ പൂക്കുന്നിടം" എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് വളരെ പ്രയോജനം ചെയ്യുന്നതാണ്. ആധുനിക ഡിജിറ്റൽ ലോകത്തിൽ വായനയും, എഴുത്തും ഡിജിറ്റൽ ആകുമ്പോൾ ഇത്തരം ഡിജിറ്റൽ മാഗസിനുകൾ കുട്ടികളുടെ കഴിവുകളെ വളർത്താനും, അവരുടെ പ്രതികരണശേഷിയും, ചിന്താശേഷിയും ഉയർത്തുവാനും സഹായിക്കുന്നതാണ്. ഈ പുതിയ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു.

Adv. MANOJ M THOMAS
Chairman
Kattappana Municipality
Ph: 9447314141



*കട്ടപ്പന സെൻറ് ജോർജ് ഹയർസെക്കൻഡറി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സി'ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ* ***'നന്മകൾ പൂക്കുന്നിടം'*** *എന്ന ഡിജിറ്റൽ മാസികയിലൂടെ കുരുന്നു ഹൃദയങ്ങളിൽ മൊട്ടിട്ടു വിരിയുന്നതും , പടർന്നുപന്തലിച്ച നിൽക്കുന്നതുമായ സാഹിത്യ സൃഷ്ടികളിലൂടെ കുട്ടികളുടെ സാഹിത്യ വാസനകൾ ചിറകടിച്ചു ഉയരുന്നത് കാണാൻ സാധിക്കും. കുട്ടികൾ സ്കൂൾതലത്തിൽ കൈയ്യെഴുത്തു മാസികകൾ തയ്യാറാക്കിയിട്ടുണ്ട്. എങ്കിലും ഇദംപ്രഥമമായി പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാസിക ഐടി ഫീൽഡിലുള്ള അവരുടെ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിന് ഒരു തുടക്കമാകട്ടെ എന്ന് ആശംസിക്കുന്നു. ഇതിന്റെ അണിയറ ശില്പികൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. അതിനോടൊപ്പം 'നന്മകൾ പൂക്കുന്നിടം' നിങ്ങളുടെ യശസ്സ് വാനോളമുയർന്നു ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.*

*ഡോമിനിക് ജേക്കബ്*
*(ഹെഡ്മാസ്റ്റർ)*






JELIN

# GEORGIAN LITTLE KITE

# SGHSS KATTAPPANA

കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള **കൈറ്റിന്റെ** നേതൃത്വത്തിലുള്ള ഒരു സംഘടനയാണ് ***ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ്.*** ഒരു സ്കൂളിൽപരമാവധി നാൽപ്പതു പേർക്കും കുറഞ്ഞത് ഇരുപത് അംഗങ്ങൾക്കുമാണ് അംഗത്വം നൽകുന്നത്. നമ്മുടെ സ്കൂളിലും **ജോർജിയൻ ലിറ്റിൽകൈറ്റ്സ്**എന്ന പേരിൽ ലിറ്റിൽകൈറ്റ് പ്രവർത്തിച്ചുവരുന്നു.വിദ്യാർത്ഥികൾക്കു പരിശീലനം നൽകുന്നതിനായി രണ്ട് അധ്യാപകർ ഉണ്ടാകും, കൈറ്റ് മാസ്റ്ററും മിസ്ട്രസും. *നമ്മുടെ സ്കൂളിൽ കൈറ്റ് അധ്യാപകരായി ജലിൻ ടീച്ചറും സിസ്റ്റർ ലിസയും പരിശീലനം നൽകുന്നു.* ***ഭാഷാകമ്പ്യൂട്ടിംഗ്, ആനിമേഷൻ, ഹാർഡ്‌വയർ, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷയും ഇന്റർനെറ്റും*** തുടങ്ങിയ മേഖലകളിലാണ് പരിശീലനം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്‌വയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം 'എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ലിറ്റിൽകൈറ്റ്സ് ഐ. ടി. ക്ലബ്ബിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ഫെബ്രുവരി 22-ാം തീയതി ബഹുമാനപ്പെട്ട **മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ** തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നിർവ്വഹിച്ചു.

## *MEMBERS OF GEORGIAN LITTLE KITES 2018- 2019*

| No | Ad.No. | NAME |
|---|---|---|
| 1. | 11787 | PRANAV P |
| 2. | 11796 | SANTHWANA SALU |
| 3. | 11805 | ROSHIN JOSEPH |
| 4. | 11837 | SANJAY. A S |
| 5. | 11883 | RONA SHAIS |
| 6. | 11884 | ROMY SHAIS |
| 7 | 11890 | ANJALI BIJU |
| 8 | 11906 | ANJITH M AJI |
| 9 | 11910 | MALU VARGHESE |
| 10 | 11923 | MOLBIN BIJU |
| 11 | 11949 | ADITHYAN C.S |
| 12 | 11956 | TINUMOL DEVASSIA |
| 13 | 12024 | ANU THOMAS |
| 14 | 12081 | AJO K.J |
| 15 | 12221 | MIDHU PRADEEP |
| 16 | 12225 | EDWIN BAIJU |
| 17 | 12322 | JEENA ABRAHAM |
| 18 | 12550 | ABHIJITH T |
| 19 | 12601 | ALBART BIJU |
| 20 | 12708 | ABHIJITH M S |
| 21 | 12709 | AJIL VIJAY |
| 22 | 12710 | ASHISH SHIJO |
| 23 | 12715 | JOICE J VARGHESE |
| 24 | 12721 | SREEKUTTY JAIN |
| 25 | 12724 | ABHIRAM SIBI |
| 26 | 12726 | ARJUN DAS |
| 27 | 12728 | AMAL JOE JOSEPH |
| 28 | 12745 | DEON GEORGE |
| 29 | 12763 | VAISHNAV SHAJI |
| 30 | 12764 | ADITHYA PRASANNAN |
| 31 | 12767 | ASWATHY J |
| 32 | 12770 | VANEESHA MARIA MANOJ |
| 33 | 12777 | ANANDHU SOMAN |
| 34 | 12781 | ALEESHA DENNISON |
| 35 | 12782 | AMALA M BOSS |
| 36 | 12783 | ANNA MARY GEORGE |
| 37 | 12787 | RINCY MOL ABRAHAM |
| 38. | 12788 | ANDHRA SUNNY |
| 39 | 12792 | NIMA MARIA BIJU |
| 40 | 12826 | JENISHA FRANCIS |








കൈറ്റ് അംഗങ്ങൾ ജെലിൻ റ്റീച്ചറോടൊപ്പം



# നമ്പ്യാരുടെ പ്രവചനവും സോളാർ കുക്കറും





ABHIJITH T

സോളാർ കുക്കർ ആധുനിക ലോകത്തിന്റെ കണ്ടുപിടുത്തമാണ്. സൂര്യന്റെ ചൂടുകൊണ്ട് ആഹാരം വേവിച്ചെടുക്കാനുള്ള സംവിധാനമാണ് അത്. സോളാർ കുക്കർ മിനുസമുള്ള പ്രതലത്തിൽ പതിക്കുന്ന സൂര്യ രശ്മിയിൽ നിന്നുമാണ് ഇതിനുള്ള ഊർജ്ജം കണ്ടെത്തുന്നത്. ഇതിനും നമ്പ്യാർക്കും തമ്മിലെന്തുബന്ധം.

ബന്ധമില്ലെങ്കിലും ബന്ധപ്പെടുത്താൻ ഒരു പഴുതുള്ളതുപോലെ. സത്യസ്വയംവരം തുള്ളലിനിടയിൽ നമ്പ്യാർ ഇക്കാര്യം പ്രവചിച്ചിട്ടില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. നമ്പ്യാർ പറഞ്ഞത് ഇതാണ്.

എഴുപത്തെട്ടു വയസ്സു തികഞ്ഞ ഒരു കിഴവൻ ബ്രാഹ്മണൻ അതാ പോകുന്നു. കൊടുംവെയിൽ തട്ടി ചൂടു പിടിച്ചിരിക്കുന്ന അയാളുടെ കഷണ്ടിത്തലയിൽ ഒരു പിടി നെല്ലു വാരിയിട്ടാൽ അതു പൊരിയായിത്തീരും.

"എഴുപത്തെട്ടു വയസ്സു തികഞ്ഞൊരു

കിഴവ ബ്രാഹ്മണനിതാ പോകുന്നു.
കൊടും വെയിൽ തട്ടി ചുട്ട കഷണ്ടിയി
ലൊരു പിടി നെല്ലാൽ മലരുപൊരിക്കാം."

വെയിലേറ്റു ചൂടുപിടിച്ച കഷണ്ടിത്തലയിൽ മലരു പൊരിക്കാമെന്ന നമ്പ്യാരുടെ കണ്ടെത്തലിനും സോളാർ കുക്കറിനും തമ്മിൽ എന്താ ഒരു ബന്ധമില്ലേ?



# സബ് ജില്ലാ ക്യാമ്പ്



Joice


സെപ്റ്റംബർ 29 30 തീയതികളിൽ കട്ടപ്പന സെൻറ് ജോർജ് ഹൈസ്കൂളിൽ വച്ച് നടന്ന ലിറ്റിൽ കൈറ്റ്സ് സബ് ജില്ലാ ക്യാമ്പ് ഞങ്ങൾക്ക് ഒരു നവ്യാനുഭവമായിരുന്നു. വിവിധ സ്കൂളുകളിൽനിന്നായി നാൽപതോളം വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.



ശ്രീമതി റീനാമ്മ ജോസഫ്, സിസ്റ്റർ ബിന്ദു മാത്യു , ശ്രീമതി ജലിൻ, ബെന്നി സാർഎന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി . ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകി. വളരെ ആകർഷണീയവും വിജ്ഞാനപ്രദമായിരുന്നു ക്യാമ്പ്.


കുട്ടികൾ എല്ലാവരും തങ്ങൾക്കു ലഭിച്ച അറിവുകൾ

പ്രാവർത്തികം ആക്കുന്നതിൽ അതീവ തല്പരരായിരുന്നു.
നിർദ്ദേശങ്ങളനുസരിച്ച് ആമയും മുയലും കഥ
ആനിമേഷൻ നല്കാൻ ഞങ്ങൾക്ക് എല്ലാവർക്കും സാധിച്ചു.



പ്രോഗ്രാമിംഗ് ക്ലാസ്സിൽ കമ്പ്യൂട്ടർ ഗെയിം തയാറാക്കാൻ പഠിച്ചു.
പ്രളയത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന് ആശയത്തെ
ആസ്പദമാക്കി സ്ക്രാച്ച് ഉപയോഗിച്ച്ഗെയിം നിർമ്മിച്ചു

വിദ്യാർത്ഥികളായ ഞങ്ങൾക്ക് കമ്പ്യൂട്ടറിന് മേഖലയിൽ
പുതിയ പുതിയ അറിവുകൾ പ്രദാനം ചെയ്യുന്നതിനും
പ്രാവർത്തികമാക്കാൻ ഞങ്ങളെ സജ്ജമാക്കുന്നതിന്
നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങൾ അമൂല്യം ആണ്



# ക്യാമറ കണ്ണുകളുമായി കുട്ടി കൈറ്റുകൾ

Albert biju

ക്രിസ്തുമസ്അവധിക്കാലം പ്രയോജനപ്പെടുത്തിക്കൊണ്ട് സബ്ജില്ലാ ക്യാമറ ട്രെയിനിങ് ക്യാമ്പ് കട്ടപ്പന സെൻറ് ജോർജ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഡിസംബർ 28, 29 തീയതികളിലായി നടന്നു കുട്ടികളെ റിപ്പോർട്ടിംഗ് മേഖലയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയായിരുന്നു ഈ ക്യാമ്പ്. വിവിധ വിദ്യാലയങ്ങളിൽ നിന്നായി പതിനെട്ടോളം കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുത്തു. ഐടി അധ്യാപകരായ ബെന്നി സർ , ജലിൻ റ്റീച്ചർ, സിസ്റ്റർ ലിസ എന്നിവരാണ് ക്യാമ്പുകൾക്ക് നേതൃത്വം നൽകിയത് ഒരു വിദ്യാലയത്തിൽ നിന്നും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ 10% അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു . വിദ്യാർത്ഥികൾക്ക് രണ്ടുപേർക്ക് ഒരു ലാപ്ടോപ്പ് വീതവും സർക്കാർ നൽകിയ ക്യാമറയും, ട്രൈപ്പോഡും പരിശീലനത്തിനായി സ്കൂളുകൾ നൽകി. ഈ ക്യാമ്പിലൂടെ ഷൂട്ടിങ്ങിന്റെ ബാലപാഠങ്ങൾ പഠിക്കാനും ഡിഎസ്എൽആർ ക്യാമറ അടുത്തറിയുവാനും കുട്ടികളായ ഞങ്ങൾക്ക് സാധിച്ചു.

നമ്മുടെ സ്കൂളിൽനിന്ന് രണ്ടുദിവസം നീണ്ടുനിന്ന ക്യാമ്പിൽ 4 കുട്ടികളാണ് പങ്കെടുത്തത്. ക്യാമ്പിലെ ഒന്നാം ദിവസം ക്യാമറ ഉപയോഗിക്കേണ്ട രീതിയും ട്രൈപ്പോഡും ക്യാമറയും കൈകാര്യം ചെയ്യുന്ന രീതികളും അത് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സിസ്റ്റർ വിശദീകരിച്ചുതന്നു. ന്യൂസ് ചാനലായ വിക്ടേഴ്സി ലൂടെ പത്രവാർത്ത ചെയ്യുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ വിശദമാക്കി എപ്രകാരം ഒരു പത്രവാർത്ത തയ്യാറാക്കണമെന്ന് ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നു. അതിനുശേഷം ഗ്രൂപ്പുകളായി തിരിഞ്ഞ് ഞങ്ങളുടെ സ്കൂൾ പരിസരങ്ങളിൽ





ഞങ്ങൾക്ക് തയ്യാറാക്കാൻ സാധിക്കുന്ന ഒരു വാർത്ത ഞങ്ങൾ തയ്യാറാക്കി.

പിന്നീട്ഗ്രൂപ്പുകളായി ഞങ്ങളെ പുറത്തേക്ക് വിടുകയും ക്യാമറയും ട്രൈപ്പോഡും ഉപയോഗിച്ച് ഞങ്ങളുടെ വാർത്തയ്ക്ക് ആവശ്യമായ ഷോട്ടുകൾ തയ്യാറാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഉച്ചയോടെ ഷൂട്ടിംഗ് പൂർത്തിയാക്കിയ ഞങ്ങൾ 18 പേർക്കും ഭക്ഷണം സ്കൂളിൽ നിന്നു തന്നെ ലഭിച്ചു.

ഉച്ചയ്ക്കുശേഷം ഷൂട്ടിംഗ് ചെയ്തതിന് അനുയോജ്യമായ ശബ്ദങ്ങൾ ഒഡാസിറ്റി സോഫ്റ്റ് വെയറിലൂടെ അധ്യാപകരുടെ സഹായത്തോടെ ഞങ്ങൾ റെക്കോർഡ് ചെയ്തു. നോയിസ് റിഡക്ഷൻ ചെയ്തു ഞങ്ങളുടെ ശബ്ദങ്ങൾ എങ്ങനെ മികവുറ്റത് ആകാമെന്ന് ഞങ്ങളുടെ

അധ്യാപകർ ഞങ്ങളെ പഠിപ്പിച്ചു. വളരെ സന്തോഷം നിറഞ്ഞ ഒന്നാം ദിവസം അങ്ങനെ അവസാനിച്ചു




ക്യാമ്പിലെ രണ്ടാംദിവസം ഞങ്ങളെ കാത്തിരുന്നത് ആസ്വാദ്യകരമായ അനുഭവങ്ങളായിരുന്നു. മുൻപ് ഞങ്ങൾ പഠിച്ച് ഉപയോഗിച്ച ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ നേക്കാൾ വളരെ എളുപ്പത്തിൽ നടത്താവുന്ന KDENLIV എന്ന സോഫ്റ്റ്‌വെയറാണ് ഇന്നേദിവസം അധ്യാപകർ ഞങ്ങളെ പരിചയപ്പെടുത്തിയത്. ന്യൂസ് റിപ്പോർട്ട് വീഡിയോകൾക്ക് ലോഗോ കൊടുക്കാനും, ഇൻറർവ്യൂ ചെയ്യുവരുടെ പേര് അനിമേഷൻ മുതലായവ നൽകുവാനും ടൈറ്റിൽ കൊടുക്കുവാനും എല്ലാം സാധിക്കുന്ന ഈ സോഫ്റ്റ്‌വെയർ വളരെ രസകരമായി ബെന്നി സാർ ഞങ്ങളെ പഠിപ്പിച്ചു.



ഉച്ചയ്ക്കു മുമ്പുതന്നെ എല്ലാ വിദ്യാർത്ഥികളും ന്യൂസ് റിപ്പോർട്ടിങ് പൂർത്തിയാക്കുകയും, അധ്യാപകർ അതെല്ലാം ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്തു. അതിനുശേഷം ബാഹുബലി പോലെയുള്ള സിനിമകളിലെ സിനിമകളിൽ ഉപയോഗിച്ച Chroma Key എന്ന സങ്കേതം ഞങ്ങൾക്ക് പരിചയപ്പെടുത്തി. ഒരു പച്ച Background വരുന്ന ഏത് പ്രവർത്തനത്തെയും നമുക്കിഷ്ടപ്പെട്ട Background ലേക്ക് മാറ്റുന്നതിനുള്ള മാർഗമാണിത്. ഇതുപയോഗിച്ച് പലരും ഫേക്ക് ന്യൂസുകൾ ഉണ്ടാക്കുന്ന വിവരവും ഞങ്ങൾ മനസ്സിലാക്കി. നാലുമണിയോടെ ഞങ്ങളുടെ ക്യാമ്പ് അവസാനിച്ചു. ഈ ക്യാമ്പിലൂടെ ഒത്തിരിയേറെ പുതിയ സുഹൃത്തുക്കളെ ഞങ്ങൾക്ക് ലഭിച്ചു. ഈ രണ്ടു ദിവസങ്ങളിൽ പഠിച്ച കാര്യങ്ങൾ മറ്റു കുട്ടികളിലേക്ക് എത്തിക്കാനുള്ള നിർദേശവും ഞങ്ങൾക്ക് ലഭിച്ചു. ജീവിതത്തിലെ ചില മറക്കാനാവാത്ത ദിവസങ്ങളായിരുന്നു ഇവ. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആകുവാൻ അവസരം തന്ന ദൈവത്തിനും സ്കൂളിലെ അധ്യാപകർക്കും ഈ പരിശീലനം പൂർത്തിയാക്കാൻ സഹായിച്ച അധ്യാപകർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി



# കായികരംഗം -കേരളം



Amal joe


*1 ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളി ?*

**** ഏഞ്ചൽ മേരി***

*2 ഒളിമ്പിക്സ് നീന്തലിൽ പങ്കെടുത്ത ആദ്യ മലയാളി?*

**** സെബാസ്റ്റ്യൻ സേവ്യർ***

*3 ദ്രോണചാര്യ അവാർഡ് ആദ്യമായി ലഭിച്ച മലയാളി?*




**** ഒ. എം നമ്പ്യാർ***

*4 ആദ്യമായി അർജുന ആവാർഡ് നേടിയ വനിത?*

**** കെ. സി ഏലമ്മ***

*5 രാജീവ് ഗാന്ധി ഖേൽ രക്ത അവാർഡ് നേടിയ താരം?*



* **കെ. എം ബീനാമോൾ**

*6 ഇന്ത്യയുടെ ഒളിമ്പിക്സ് ചരിത്രത്തിലെ പ്രായം കുറഞ്ഞ താരം?*

* **സുരേഷ് ബാബു**

*7 കേരളം എത്രതവണ സന്തോഷ് ട്രോഫി നേടിയിട്ടുണ്ട് ?*

**** 5 തവണ***


8 എകദിന, ടെക്സ്റ്റ് ക്രിക്കറ്റ് മത്സരങ്ങളിൽ മാൻ ഓഫ്  ദ മാച്ചായ മലയാളി താരം

*** എസ് ശ്രീശാന്ത്**

9  ടെക്സ്റ്റ് ക്രിക്കറ്റിൽ അംഗമായ ആദ്യ മലയാളി താരം ?

*** ടിനു യോഹന്നൻ**





10 വോളിബോൾ രംഗത്ത് എക്കാലത്തെയും ഉജ്ജ്വല  പ്രതിഭ?

* **ജിമ്മി ജോർജ്**

11 കായിക കേരളത്തിന്റെ പിതാവ് ?

*** ജി വി രാജു**

# കമ്പ്യൂട്ടർ





PRANAV

ആധുനികലോകത്തിൽ മനുഷ്യമനസ്സിനെ സ്വാധീനിച്ചിട്ടുള്ള ഏറ്റവും വലിയ ശാസ്ത്രീയ കണ്ടുപിടിത്തമാണ് കമ്പ്യൂട്ടർ. വ്യവസായിക മേഖല, തൊഴിൽമേഖല, വാർത്താമാധ്യമമേഖല, വിദ്യാഭ്യാസരംഗം, ചികിൽസാരംഗം, കായികരംഗം എന്നിങ്ങനെ കമ്പ്യൂട്ടറിന്റെ ആവശ്യം വളരെ വലുതായി മാറിയിരിക്കുന്നു. ഈ ഇരുപതാം നൂറ്റാണ്ടിൽ ദ്രുതഗതിയിലുള്ള കമ്പ്യൂട്ടർ വിപ്ലവം തന്നെ നടന്നകൊണ്ടിരിക്കുന്നു. കമ്പ്യൂട്ടർ എന്നാൽ ആദ്യം പലരുടെയും മനസ്സിൽ എല്ലാം ചെയ്യുകൊടുക്കുന്ന ഒരു യാന്ത്രമനുഷ്യ നെന്നായിരുന്നു സങ്കല്പം പക്ഷെ അതല്ല കമ്പ്യൂട്ടർ. കമ്പ്യൂട്ടർ എന്നാൽ നാം ലഭ്യമാക്കുന്ന വിവരങ്ങൾ സ്വീകരിക്കുകയും ഓർമ്മയിൽ സൂക്ഷിച്ചിട്ടുള്ള ഒരു പ്രോഗാമനുസരിച്ച് അവയെ മാറ്റുകയും ചെയ്യുന്ന ഒരു ഇലക്ട്രോണിക് യന്ത്രമാണ്.

കമ്പ്യൂട്ടറിനെ പൊതുവെ മൂന്ന് തരമായി തിരിച്ചിരിക്കുന്നു. ഡിജിറ്റൽ, അനലോഗ്, ഹൈബ്രിഡ് എന്നിങ്ങനെ. കമ്പ്യൂട്ടറിന്റെ പ്രധാന പ്രവർത്തനം 5 ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇൻപുട്ട്, മെമ്മറി, അങ്കഗണിത യൂണിറ്റ്, ഔട്ട്പുട്ട്, നിയന്ത്രണയൂണിറ്റ് എന്നിവയാണവ. കമ്പ്യൂട്ടറിലെ ഇലക്ട്രോണിക് ഘടകങ്ങളും മെക്കാനിക്കൽ ഭാഗങ്ങളും മെമ്മറിയും ഇൻപുട്ട്-ഔട്ടപുട്ട് എന്നിവയും ചേർന്നതാണ് ഹാർഡ് വെയർ. കമ്പ്യൂട്ടറിൽ നൽകുന്ന പ്രോഗ്രമിനെയാണ് സോഫ്റ്റ് വെയർ എന്നു പറയുന്നത്.






## പുലരി

ഹരിത ബിന്ദുക്കൾ തങ്ങിനിൽക്കും
ഹരിത ചാരുതയാമീ മണ്ണിൽ
പുലർക്കാല വെയിലടിക്കവേ
പുൽച്ചെടികളിൽ പവിഴം
വിതറുന്നുവോ?

ഇളം കാറ്റിൽ പുൽച്ചെടികളാടവേ
ഊഞ്ഞാലിലെന്നപോലാടുന്ന
പുൽച്ചാടി
പൂവുകൾ വിടർന്നു സുഗന്ധം
പരക്കവേ
പൂന്തേൻ കുടിക്കാൻ
പറന്നെത്തുന്നു ശലഭം

കാനന പൊയ്കകൾ
തുള്ളിത്തുടിക്കും
കാനക പൊയ്കകൾ
തുള്ളിത്തുടിക്കും
പക്ഷികൾ കൂടിനോടു യാത്ര
ചോദിക്കവേ
പ്രകൃതി നന്മക്കായി ഉദിക്കുന്നു
പുലരികൾ



POEM



# AGED

Lone among four walls
Me and my shadow, day and night
Looking on this deserted way
To hear someone

Cold and damp,grey and dull
Faded views and wrinkled skin
All alone in this room

Remembering old days of colours
When had charm and bloom
Many were encompassed with mirth and warmth

winter passed, lost fame and glory
Lone here,hunting horizon
Longing to hear the whisper of joy
Hoping colours of life  Will visit once again.





Abhiram



SGHSS KATTAPPANA

# നന്മകൾ പൂക്കുന്നിടം




ലിറ്റിൽകൈറ്റ്സ് മാഗസി

എസ്.ജി.എച്ച്.എസ്.എസ് കട്ടപ


നന്ദിയോടെ
ജോർജിയൻ
ലിറ്റിൽ കൈറ്റ്
സെന്റ് ജോർജ്
കട്ടപ്പന